ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കേരള കള്ള് ചെത്ത് വ്യവസായ തൊഴിലാളി ക്ഷേമ പദ്ധതി.
2. കേരള ചാരായ തൊഴിലാളി ക്ഷേമ പദ്ധതി.
3. കേരള കർഷക തൊഴിലാളി ക്ഷേമ പദ്ധതി.
4. കേരള കൈത്തറി തൊഴിലാളി ക്ഷേമ പദ്ധതി.
5. കേരള തൊഴിലാളി ക്ഷേമ പദ്ധതി.
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതി.
7. കേരള തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി.
8. കേരള നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി.
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമ പദ്ധതി.
10. കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി.
11. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമ പദ്ധതി.
12. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി.
13. കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമ പദ്ധതി.
14. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമ പദ്ധതി.
15. കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി.
16. കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി.
17. കേരള അലക്ക്-ബാർബർ ക്ഷേമ പദ്ധതി.

3-1-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചമാക്കലും അസംഘടിത മേഖലകളിൽ ക്ഷേമനിധി ഏർപ്പെടുത്തലും

91 [545] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, എം. കുമാരൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ക്ഷേമനിധി ബോർഡിന്റെ കീഴിലും എത്ര അംഗങ്ങൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഓരോ ബോർഡിലും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഓരോ വർഷവും ആനുകൂല്യങ്ങൾക്കായും മറ്റാവശ്യങ്ങൾക്കായും ചെലവഴിച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അസംഘടിത തൊഴിലാളി മേഖലകളിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 12 തൊഴിലാളി ക്ഷേമനിധി ബോർഡുകളും അനുബന്ധ പദ്ധതികളും നിലവിലുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അസംഘടിത തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത പദ്ധതിയിൽ 123 തൊഴിലാളി വിഭാഗങ്ങളെ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ അസംഘടിത മേഖലയിലെ അലക്ക് തൊഴിലാളികൾക്കും ബാർബർ തൊഴിലാളികൾക്കും പ്രത്യേകം പ്രത്യേകം ക്ഷേമപദ്ധതികൾ നിലവിൽ വന്നിട്ടുണ്ട്. അവ ഉടൻ നടപ്പിലാക്കുന്നതാണ്.

ക്ഷേമ പെൻഷനുകൾ

92 [546] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ അധീനതയിലുള്ള ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) കർഷക തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും ഒഴികെയുള്ള ക്ഷേമ പെൻഷനുകളെല്ലാം 2004 മാർച്ച് 31-നു മുമ്പ് കുടിശ്ശിക തീർത്ത് വിതരണം ചെയ്യുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly